**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3093** **25-06-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യഫെഡ് മൊബൈൽ ആപ്ലിക്കേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ മത്സ്യഫെഡ് ഏതൊക്കെ മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുണ്ട്; അവ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | മത്സ്യഫെഡ് 3 മൊബൈൽ ആപ്ലിക്കേഷനുകൾ സോഫ്റ്റ് വെയറുകൾ തയ്യാറാക്കിയിട്ടുണ്ട്. മത്സ്യവിപണനം ആരംഭിച്ച 2017 കാലഘട്ടത്തിൽ മത്സ്യത്തിന്റെ ലഭ്യത, വിലവിവരങ്ങൾ എന്നിവ അറിയുന്നതിനായി തയ്യാറാക്കിയ (FIAMA) എന്ന മൊബൈൽ ആപ്ലിക്കേഷനാണ് ആദ്യത്തേത്. പിന്നീട് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ ഓൺലൈൻ മത്സ്യവിപണനം ആരംഭിച്ചപ്പോൾ ആയതിനായി മറ്റൊരു ഓൺലൈൻ ആപ്ലിക്കേഷൻ (FRESHMEEN) തയ്യാറാക്കുകയുണ്ടായി. എന്നാൽ ഓൺലൈൻ മത്സ്യവിപണനം എല്ലാ ജില്ലകളിലും വ്യാപിക്കുന്നതിനായി എല്ലാ ഹാർബറുകളിലേയും മീൻ ലഭ്യത, വില വിവരങ്ങൾ എന്നിവ അറിയുവാൻ കഴിയുന്ന രീതിയിലുള്ള ഒരു സോഫ്റ്റ് വെയർ നിർമ്മാണഘട്ടത്തിലാണ്. |
| (ബി) | പ്രസ്തുത ആപ്ലിക്കേഷനുകൾ തയ്യാറാക്കിയത് വകുപ്പിലെ ജീവനക്കാരാണോ കമ്പനികൾ ആണോ; വിശദമാക്കാമോ; | (ബി) | പ്രസ്തുത മൊബൈൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയത് വകുപ്പിലെ ജീവനക്കാരല്ല. 'മത്സ്യഫെഡ് ഫ്രഷ് മീൻ" മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് M/s സ്റ്റീവ് ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ്. നിലവിൽ നിർമ്മാണ ഘട്ടത്തിലുള്ള മത്സ്യവിപണന മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കുന്നത് M/s വെലോസിറ്റ് ഇൻഫോ ലാബ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ്. |
| (സി) | പ്രസ്തുത ആപ്ലിക്കേഷനുകൾ തയ്യാറാക്കുവാനായി എത്ര രൂപ മത്സ്യഫെഡിന് ചെലവായി; ആയത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; | (സി) | ആദ്യമായി തയ്യാറാക്കിയ FIAMA മൊബൈൽ ആപ്ലിക്കേഷന് 96,000/- രൂപയും പിന്നീട് തയ്യാറാക്കിയ FRESHMEEN ആപ്ലിക്കേഷന് 5,00,000/- രൂപയും ചെലവായിട്ടുണ്ട്. ഇപ്പോൾ നിർമ്മിച്ചു കൊണ്ടിരിക്കുന്ന സമ്പൂർണ്ണ മത്സ്യവിപണനത്തിനായിട്ടുള്ള (മത്സ്യസംഭരണം മുതൽ വിപണനം വരെയുള്ളത്) വെബ് സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിന് ആകെ ചെലവ് 25,00,000/- രൂപയാണ്. ഇതിൽ 18,25,000/- രൂപ കമ്പനിയ്ക്ക് ഇതിനകം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ എത്ര ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തനരഹിതമായ ആപ്ലിക്കേഷനുകൾ എത്രയെണ്ണം; അവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (ഡി) | FIAMA, 'മത്സ്യഫെഡ് ഫ്രഷ് മീൻ' എന്നീ മൊബൈൽ ആപ്ലിക്കേഷനുകൾ പുതിയ Android version ഫോണുകളിൽ കൃത്യമായി പ്രവർത്തിക്കാത്തതിനാൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. എന്നാൽ mathsyafedfreshmeen.com എന്ന വെബ് സൈറ്റ് മുഖാന്തിരം 'മത്സ്യഫെഡ് ഫ്രഷ് മീൻ' സോഫ്റ്റ് വെയർ നിലവിൽ ഉപയോഗിക്കുവാൻ സജ്ജമാണ്. |

സെക്ഷൻ ഓഫീസർ